**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 576 – 11/12/2012 ലെ**

**മറുപടിക്ക്**

**സ്വയം സംരംഭക വികസന മിഷൻ പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. പി. എ. മാധവൻ | | ശ്രീ.കെ. എം. മാണി<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | സ്വയം സംരംഭക വികസന മിഷൻ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ; | ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിച്ച് കേരള സംസ്ഥാനത്തെ തൊഴിലില്ലായ്മയുടെ തോത് കുറയ്ക്കുക, സംസ്ഥാനത്തെ യുവജനങ്ങൾക്കിടയിൽ സംരംഭകത്വസ്വഭാവം വളർത്തിയെടുക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ കേരള സർക്കാർ രൂപം നൽകിയ ഒരു പദ്ധതിയാണ് കേരള സംസ്ഥാന സംരംഭക വികസന മിഷൻ. കഴിവും മികച്ച ആശയങ്ങളുമുള്ള തൊഴിൽ രഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും അവർക്ക് സ്വയം സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ പരിശീലനം നൽകുകയും പ്രസ്തുത പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ലളിതമായ ജാമ്യ വ്യവസ്ഥ പ്രകാരം ബാങ്കുകളിലൂടെയും ധനകാര്യ സ്ഥാപനങ്ങളിലൂടെയും പലിശ രഹിത സാമ്പത്തിക സഹായം ലഭ്യമാക്കുകയുമാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്.<br>50,000 യുവജനങ്ങൾക്ക് വിദഗ്ദ്ധ തൊഴിൽ പരിശീലനം നൽകി, 10,000 ചെറുകിട തൊഴിൽ സംരംഭങ്ങൾ സ്ഥാപിച്ച്, 1 ലക്ഷം പേർക്ക് പ്രത്യക്ഷമായും 5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ഉറപ്പു വരുത്തുന്ന ഒരു ബൃഹത് പദ്ധതിയാണ് കേരള സംസ്ഥാന സംരംഭക വികസന മിഷൻ. |

| | | |
|---|---|---|
| (ബി) | ഈ പദ്ധതി വഴി ഏതെല്ലാം മേഖലകളിൽ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | അനിമേഷൻ, സിവിൽ എഞ്ചിനിയറിംഗ്, ഡിജിറ്റൽ പ്രിന്റിംഗ്, സ്റ്റുഡിയോ, ആട്ടോ മൊബൈൽ സർവ്വീസ്, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം,ഓഫീസ് ഓട്ടോമേഷൻ, റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണം, ബേക്കറി ഉൽപ്പന്നങ്ങൾ, പേപ്പർ ക്യാരിബാഗുകൾ, ഏലയ്ക്ക പ്രോസസിംഗ്, യുനാനി മരുന്നുനിർമ്മാണം, ഡെയറി ഫാം, മഷ്റൂം കൃഷി, ഹോളോബ്രിക്സ്, ടൈൽസ് നിർമ്മാണം, ടൂൾസ് നിർമ്മാണം, ഇലക്ട്രോണിക് ഉൽപ്പന്നങ്ങളുടെ നിർമ്മാണം, സോഫ്റ്റ്വെയർ ഡെവലപ്മെന്റ്, ഫർണിച്ചർ നിർമ്മാണം തുടങ്ങിയ മേഖലകളിലാണ് ഈ പദ്ധതി വഴി വ്യവസായങ്ങൾ ആരംഭിച്ചിട്ടുള്ളത്. ഇതുവരെ വിവിധ മേഖലകളിലായി 35 (മുപ്പത്തിയഞ്ച്) സംരംഭങ്ങൾ ആരംഭിച്ചു കഴിഞ്ഞു. |
| (സി) | വ്യവസായങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിശദമാക്കുമോ; | പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട സംരംഭകർക്ക് വിപണി സാധ്യതാ പഠനം ഉൾപ്പെടെ നാലാഴ്ചത്തെ വിദഗ്ദ്ധ പരിശീലനം നൽകി സംരംഭകരാകാൻ പ്രാപ്തരാക്കുന്നു. തുടർന്ന് ഇവർക്ക് പലിശരഹിത വായ്പ ലഭ്യമാക്കുകയും തൊഴിൽ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്യുന്നു. പദ്ധതി ചെലവിന്റെ 90% വരെ എന്ന കണക്കിൽ, പരമാവധി 20 ലക്ഷം രൂപ വരെയാണ് വായ്പ. ഒരു വർഷത്തെ മോറട്ടോറിയം ഉൾപ്പെടെ 5 വർഷമാണ് തിരിച്ചടവ് കാലാവധി. |

| | | |
|---|---|---|
| (ഡി) | എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ? | ഒരു ലക്ഷം പേർക്ക് പ്രത്യക്ഷമായും അഞ്ച് ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാക്കുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ